**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4048** **21.10.2016 ൽ മറുപടിയ്ക്ക്**

**സി.എൻ.ജി. ഇന്ധനമാക്കി പ്രവർത്തിക്കുന്ന വാഹനങ്ങൾ**

| ചോദ്യം<br>ശ്രീ. വി.ഡി.സതീശൻ<br>ശ്രീ.കെ.മുരളീധരൻ<br>ശ്രീ.എ.പി. അനിൽ കുമാർ<br>ശ്രീ.അനിൽ അക്കര | | ഉത്തരം<br>ശ്രീ. എ.കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് സി.എൻ.ജി. ഇന്ധനമാക്കി പ്രവർത്തിക്കുന്ന വാഹനങ്ങൾ നിരത്തിലിറക്കുന്നതിന് പ്രത്യേക പാക്കേജ് നടപ്പാക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ; | (എ) | കേരള സർക്കാരിന്റെ 2016-17 ബഡ്ജറ്റിൽ കെ.എസ്.ആർ.ടി.സി.യ്ക്ക് 1000 പുതിയ സി.എൻ.ജി. ബസ്സുകൾ ഇറക്കുന്നതിന് 300 കോടി രൂപ പ്രത്യേക നിക്ഷേപ പദ്ധതിയിൽ നിന്നും വായ്പയായി ലഭ്യമാക്കുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. നടപ്പു വർഷം 50 കോടി രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത്. |
| (ബി) | വാഹനങ്ങൾ സി.എൻ.ജി. ഇന്ധനമാക്കി പ്രവർത്തിക്കുന്നതുകൊണ്ട് എന്തെല്ലാം പ്രയോജനങ്ങളാണ് ഉള്ളത്എന്ന് വെളിപ്പെടുത്താമോ ; | (ബി) | സി.എൻ.ജി. ഇന്ധനമായി ഉപയോഗിക്കുന്നതുകൊണ്ട് പല ഉപയോഗങ്ങളുണ്ട്. സി.എൻ.ജി. യിലെ കാർബണിന്റെ അളവ് വളരെ കുറവാണ്. ആയതിനാൽ അന്തരീക്ഷ മലിനീകരണം വളരെ കുറവായിരിക്കും. സി.എൻ.ജി. ഉപയോഗിക്കുമ്പോൾ മറ്റ് ഇന്ധനങ്ങളേക്കാൾ എമിഷൻ ലെവൽ വളരെ കുറവായിരിക്കും. പഠനങ്ങൾ തെളിയിക്കുന്നത് സി.എൻ.ജി.യുടെ ഗ്രീൻ ഹൗസ് ഗ്യാസ് എമിഷൻ പെട്രോളിയം, |

| | | | |
|---|---|---|---|
| | | | ഡീസൽ തുടങ്ങിയ ഇന്ധനങ്ങളുടെ ഗ്യാസ് എമിഷനേക്കാൾ കുറവാണെന്നാണ്. ഇതു കൂടാതെ സി.എൻ.ജി. ഇന്ധനമായി ഉപയോഗിക്കുകയാണെങ്കിൽ വാഹനം തീ പിടിക്കുവാനുള്ള സാധ്യതയും വളരെ കുറവായിരിക്കും. കൂടാതെ മറ്റ് ഇന്ധനങ്ങളെ അപേക്ഷിച്ച് സി.എൻ.ജി.യ്ക്ക് 150% ഇന്ധനക്ഷമത കൂടുതലാണ്. മാത്രമല്ല, മറ്റ് ഇന്ധനങ്ങളെ അപേക്ഷിച്ച് സി.എൻ.ജി. യുടെ വില വളരെ കുറവാണ്. സി.എൻ.ജി.-യിലോട്ട് മാറ്റുന്നതിനുള്ള പ്രാരംഭ ചെലവുകൾ വളരെ കൂടുതലാണെങ്കിലും രണ്ട് വർഷം കൊണ്ട് തന്നെ മുതൽ മുടക്ക് തിരികെ പിടിക്കുവാൻ സാധിക്കും. |
| (സി) | വാഹനങ്ങൾ സി.എൻ.ജി. ഇന്ധനമാക്കി പ്രവർത്തിക്കുന്നതിന് നിലവിലുള്ള ഏതെല്ലാം ചട്ടങ്ങളിലാണ് ഭേദഗതിവരുത്തേണ്ടത്; ഇതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വിശദമാക്കുമോ ? | (സി) | 1988 ലെ കേരള മോട്ടോർ വാഹന ചട്ടം 252-ൽ മാറ്റം വരുത്തേണ്ടതായുണ്ട്. ആയതിന് നടപടികളൊന്നും തന്നെ ഇതുവരെ സ്വീകരിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ